പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1077 | 14/06/2012 ൽ മറുപടിയ്ക്ക്

## മുകുന്ദപുരം താലൂക്ക് വിഭജനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ. അടൂർ പ്രകാശ് (റവന്യൂ വകുപ്പ്മന്ത്രി) |
| (എ) മുകുന്ദപുരം താലൂക്കിനെ വിഭജിച്ച് ചാലക്കുടി ആസ്ഥാനമാക്കി പുതിയ താലൂക്ക് രൂപീകരിക്കുന്നകാര്യം പരിഗണനയിലുണ്ടോ;<br><br>(ബി) ഇല്ലെങ്കിൽ ഇതിനായി നടപടികൾ സ്വീകരിക്കുമോ? | (എ) & (ബി) ജനസംഖ്യ, ഭൂവിസ്തൃതി, ത്രിതലപഞ്ചായത്ത് സംവിധാനം, പിന്നോക്കാവസ്ഥ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ താലൂക്കുകളുടെയും, വില്ലേജുകളുടെയും പുന:സംഘടന/ രൂപീകരണം സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറേറ്റിന്റെ സഹായത്തോടെ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ പ്രയോറിറ്റി നമ്പർ (10) ആയി ചാലക്കുടി താലൂക്ക് രൂപീകരണത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. റിപ്പോർട്ട് വിശദമായി പരിശോധിച്ച് സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയും അനുബന്ധ പ്രശ്നങ്ങളും കണക്കിലെടുത്ത് നയപരമായ തീരുമാനം കൈക്കൊണ്ടതിനു ശേഷം മാത്രമേ മുകുന്ദപുരം താലൂക്ക് വിഭജനം സംബന്ധിച്ച കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ